# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപക നിയമനത്തിന് അംഗീകാരം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നമ്പർ. 2598 | 20.06.2013 -ൽ മറുപടിക്ക് |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. പി.കെ. അബ്ദു റബ്ബ് , വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) ഹയർ സെക്കന്ററി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് അംഗീകാരം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) തസ്തിക സൃഷ്ടിക്കാതെ പുതിയ കോഴ്സുകളുംബാച്ചുകളും വീണ്ടും അനുവദിക്കുന്നതിനാൽ പുതുതായി നിയമിക്കപ്പെടുന്നവർക്ക് പ്രയാസം അനുഭവപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ഈ വിഷയത്തിൽ ഇതുവരെയായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) 2010-11 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ(കൈ)നം.76/13/ പൊ.വി.വ തീയതി 23.02.2013). 2011-12 അദ്ധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ അനുവദിച്ച 550 അഡീഷണൽ ബാച്ചുകളിലെ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ